# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുകോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി8-1117/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/10/2025
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകോൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി8-1117/2025

തീയ്യതി: 07/10/2025

## പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രഞ്ജിത്ത് കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2025 | 29-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 20-08-2025 | 29-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി വീണ സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ റ്റി.വി, ഓഡിറ്റർ
ശ്രീ. അഖിൽ എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ് കെ ആർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ആർ ശ്രീലേഖ | സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ ബിനു എസ് ഐ | സെക്രട്ടറി | 07-09-2024 | 10-10-2024 |
| ശ്രീ വിജു വി ബി | സെക്രട്ടറി | 11-10-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേണു പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 12-09-2024 |
| ശ്രീ സനിൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 13-09-2024 | 31-03-2025 |
| ശ്രീമതി അഞ്ജന എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ ശ്രീകല | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ അരവിന്ദ് കെ എസ് | മെഡിക്കൽ ഓഫീസർ , PHC | 01-04-2024 | 20-07-2024 |
| ഡോ സെബീന എസ് | മെഡിക്കൽ ഓഫീസർ , PHC | 21-07-2024 | 18-02-2025 |
| ഡോ അരവിന്ദ് കെ എസ് | മെഡിക്കൽ ഓഫീസർ , PHC | 19-02-2025 | 31-03-2025 |
| ഡോ ബിജു മാത്യു | വെറ്റിനററി സർജൻ | 01-04-2024 | 27-01-2025 |
| ഡോ അനിൽ കെ | വെറ്റിനററി സർജൻ | 28-01-2025 | 31-03-2025 |
| ശ്രീ അനിൽ കുമാർ | ഹെഡ് മാസ്റ്റർ, GLPS കീഴ്ക്കൊഴൂർ | 01-04-2024 | 31-03-2025 |
| ശ്രീമതി സുലജ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 14-04-2024 |
| ശ്രീ ഉദീഷ് യു | അസിസ്റ്റന്റ് എഞ്ചിനീയർ | 15-04-2024 | 21-07-2024 |
| ശ്രീമതി സുലജ | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2024 | 21-01-2025 |
| ശ്രീ ഉദീഷ് യു | അസിസ്റ്റന്റ് എഞ്ചിനീയർ | 22-01-2025 | 23-02-2025 |
| ശ്രീ ബൈജു | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ-ചാർജ്ജ് | 24-02-2025 | 31-03-2025 |
| ശ്രീ അപ്പൂസ് എസ് ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-02-2025 | 31-03-2025 |
| ശ്രീമതി വഹീദ | ICDS സൂപ്പർവൈസർ | 01-04-2024 | 18-08-2024 |
| ശ്രീമതി മരിയ | ICDS സൂപ്പർവൈസർ | 19-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ അനിൽ കുമാർ എം ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 10-10-2024 |
| ശ്രീ അർജ്ജുൻ മോഹൻ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല | 1-1-4 |
| 6 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-5 |
| 7 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - ശരിയായ തുക രേഖപ്പെടുത്തിയില്ല | 1-1-6 |
| 8 | ബഡ്ജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വസ്തുനികുതി പിരിവിലെ അപാകങ്ങൾ | 1-11 |
| 18 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-12 |
| 19 | പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 20 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല | 1-14 |

| | | |
|---|---|---|
| 21 | എം.സി.എഫി-ലേക്ക് ബെയ് ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല | 1-15 |
| 22 | ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-16 |
| 23 | കുഴൽക്കിണർ നിർമ്മാണം - പദ്ധതി പൂർണ്ണമായി നടപ്പായില്ല | 1-17 |
| 24 | ആംബുലൻസ് ഡ്രൈവർക്ക് പാലിയേറ്റീവ് ഫണ്ടിൽ നിന്നും അധിക വേതനം നൽകി | 1-18 |
| 25 | നിശ്ചിതസമയത്ത് പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല | 1-19 |
| 26 | ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം അപര്യാപ്തം | 1-20 |
| 27 | വയോജനങ്ങൾക്ക് സഹായ ഉപകരണം വാങ്ങി നൽകൽ-ഗുണഭോക്താക്കളെ തിരഞ്ഞെടുത്തില്ല | 1-21 |
| 28 | മുൻകൂർ തുക കൈമാറിയിട്ടും മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 1-22 |
| 29 | അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-23 |
| 30 | ജൽജീവൻമിഷൻ പദ്ധതി - അവലോകനം | 1-24 |
| 31 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-25 |
| 32 | ടേക്ക് എ ബ്രേക്ക് കെട്ടിടം - ഉപയോഗപ്രദമാക്കിയില്ല | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | 2024-25 വർഷം ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10/06/25-ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാ തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം 16/06/2025-ൽ എയിംസിലൂടെ സമർപ്പിക്കപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന ന പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടു അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫി ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മു എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതു മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉ അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്ക മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളു വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നില സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ട**
**സംസ്ഥാന ഓ**

**പത്തനംതിട്ട**
**07/10/2025**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം ( അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീ( തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെ വർഷാരംഭത്തിൽ തലേവർഷം വരെയുള്ള ഡിമാന്റുകളും തുടർന്ന് എല്ലാ മാസവും ഉണ്ടാകുന്ന ( രേഖപ്പെടുത്തുന്നില്ല.

## 1-1-4 ധനകാര്യകമ്മീഷൻ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല

ഷെഡ്യൂൾ B4- പ്രോജക്ട് 171/25 MCF & Mini MCF നവീകരണം എന്ന പ്രോജക്ടിന്റെ ഭാഗമായി കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്) 30000 രൂപ TIED Fund ചെലവായി ഉൾപ്പെടുത്ത വാർഷികധനകാര്യപത്രികയിൽ Tied & Untied ഗ്രാന്റുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുക കൃത

## 1-1-5 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

എ) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ( മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തിക( വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡ ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/0( ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും വ്യക്തമല്ല.

ബി) ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-6 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - ശരിയായ തുക രേഖപ്പെടുത്തിയില്ല

ഷെഡ്യൂൾB11(B): Capital Work In Progress - അക്കൗണ്ട് ചെയ്തിരിക്കുന്ന തുക തെറ്റാണ് (R ആധികാരികമായ രേഖകളുടെ അടിസ്ഥാനത്തിലല്ല തുക അക്കൗണ്ട് ചെയ്തിട്ടുള്ളത്.

## 1-2 ബഡ്ജറ്റ്

ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 09.02.2024 ത ചേർന്ന ഭരണസമിതിയുടെ സാധാരണയോഗത്തിൽ 2(1) നമ്പറായി അംഗീകരിക്കുകയുണ്ടായി. ഭരണന 24.02.2025 തീയതിയിലെ സാധാരണയോഗത്തിൽ 4(1)നമ്പർ തീരുമാനപ്രകാരം പുതുക്കിയ അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം ( എക്സ്പെൻഡിച്ച |
| മുന്നിരിപ്പ് | 401762 | 16507583 | 10927392 | |

| | | | | |
|---|---|---|---|---|
| വരവ് | 130079980 | 134841339 | 29318951 | 9365131 |
| ആകെ | 130481742 | 151348922 | 40246343 | |
| ചെലവ് | 129396920 | 128803920 | 29643829 | 9475269 |
| നീക്കിയിരിപ്പ് | 1084822 | 22545002 | 10602514 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 10927392 | |
| വരവ് | 29318951 | 93651315 |
| ആകെ | 40246343 | |
| ചെലവ് | 29643829 | 94752697 |
| നീക്കിയിരുപ്പ് | 10602514 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക<br>ലാ |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9703000 | 9703000 | 9702884 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2144000 | 2144000 | 2144000 | |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 1418112 | 3682599 | 5100711 | 1313134 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 475811 | 1635164+96503(പലിശ) | 2207478 | 1614472 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ഹെൽത്ത് ഗ്രാന്റ് - Support For Diagnostic | 464058 | 281805 | 745863 | 396801 | |

| | | | | |
|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് - Health & Wellness Centres | 101286 | 457860 | 559146 | 97633 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് - Building To Sub Centers | 2804954 | 79995 | 2884949 | 527119 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6065000 | 6065000 | 5077323 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4835000 | 4835000 | 4358529 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | |
| ശുചിത്വ മിഷൻ | 13223 | 0 | 13223 | 0 |
| ശബരിമല ഗ്രാന്റ് | 0 | 396896 | 396896 | 146080 |
| ബയോഡൈവേഴ്സിറ്റി | 227882 | 6499 (Interest) | 234381 | 0 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | |
| ഐ.സി.ഡി.എസ് | 1111317 | 980214 | 2091531 | 641887 |
| MGNREGS | 1001 | 15392227 | 15393228 | 15393228 |
| District Ayush Mission | 500000 | 0 | 500000 | 0 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹657000 രൂപ മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹946452 രൂപയും വികസന ഫണ്ട വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹51537 രൂപ വിക (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 205 | 78514682 | **175** | 39221120 | **30** | 50 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നിർവ്വഹണം നടത്തിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | ചെല ശതമാ |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 2023372 | 11 | 1643822 | 81 |
| 2 | വെറ്ററിനറി സർജൻ | 9 | 2052800 | 8 | 1210002 | 58.9 |
| 3 | മെഡിക്കൽ ഓഫീസർ (PHC/CHC) | 14 | 3298095 | 12 | 2248051 | 68.1 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 946959 | 5 | 946959 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 3959983 | 9 | 2668529 | 67.4 |
| | ICDS സൂപ്പർവൈസർ | 8 | 2571828 | 7 | 1848733 | 71.9 |
| 7 | സെക്രട്ടറി | 38 | 10311333 | 32 | 6307655 | 61.5 |
| 8 | ഹെഡ്മാസ്റ്റർ, GLPS | 10 | 1239954 | 10 | 750012 | 60.5 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 8 | 33291581 | 7 | 9670112 | 29 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 17502221 | 60 | 10699562 | 61 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 440796 | 4 | 440796 | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 875760 | 10 | 786887 | 89.8 |
| | **ആകെ** | **205** | **78514682** | **175** | **39221120** | **50** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1001 | 1109800 | 1110801 | 1110801 | |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത് | 0 | 14282427 | 14282427 | 14282427 | |
| **ആകെ** | **1001** | **15392227** | **15393228** | **15393228** | |

## 1-7 ക്ഷേമ പദ്ധതികൾ

| **ക്ഷേമ പദ്ധതിയുടെ പേര്** | **ഗുണഭോക്താക്കളുടെ എണ്ണം** | **ചെലവഴി തു** |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 17 | 29760 |
| വിധവാ പെൻഷൻ | 412 | 606590 |
| വാർദ്ധക്യകാല പെൻഷൻ | 1427 | 2076800 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 18240 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 138 | 216940 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 29.08.2025 2:54 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തു 7769(ഏഴായിരത്തി എഴുനൂറ്റി അറുപത്തി ഒൻപത്) രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ന കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വിവിധ സെക്ഷനുകളുടെ മേൽനോട്ടം, അവയുടെ ഏകോപനം എന്നിവ ക സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാ

ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേ

തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്ക ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റേ രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെ വരുത്തേണ്ടതാണ്.

പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങ സൂക്ഷിക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ല നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവ നൽകേണ്ടതാണ്.

പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.

മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസ യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ് വാടക അതാത് മാസംതന്നെ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ കുടിശ്ശിക വരുത്തിയ മാസം തന്നെ സ്വീകരിക്കേണ്ട

വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/G 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.

സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ

പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെ വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭി തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 11-03-2015 മുതൽ 25-03-2015 വരെ | 2009-10 മുതൽ 2013-14 വരെ | 22-06-2015 |

## 1-11 വസ്തുനികുതി പിരിവിലെ അപാകങ്ങൾ

സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചപ്പോൾ ശ്രദ്ധ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) **ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച്**

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി. 27.03.2023 പ്രകാരം 1994-ലെ കേരള പഞ്ചാ നിയമം ഭേദഗതി ചെയ്യുകയും ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലം വരെ വിദ്യാഭ്യാസ സ്ഥാപ വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമാക്കുകയും ഗ്രാമപഞ്ചായത്തിന്റെ പതിമൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന മർത്തോമ പ്രൈവറ്റ് ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (കെട്ടിട നം. 13/11 മുതൽ 13/20 വരെ) വസ്തു നികുതി അസസ്സ് ചെയ്തിട്ടില്ല. നിലവിൽ നി നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഗണത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ടും അനുബന്ധ കെട്ടിടങ്ങളും. ഇത് സംബന്ധി എൻക്വയറി (നം. 12/23-08-2025) നല്കിയിരുന്നു. 30 വർഷത്തിനു മുകളിൽ പഴക്കമുള്ള ടി കെട്ടിടങ്ങളു വർഷം മുതലുള്ള നികുതിയെ കെ-സ്മാർട്ടിലൂടെ ഈടാക്കുവാൻ കഴിയുകയുള്ളൂവെന്നും കെ-സ്മാർട്ടിലൂ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

2) **ബിഷപ്പ് ഹൗസിന്റെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച്**

പഞ്ചായത്തിലെ നാലാം വാർഡിലെ കെട്ടിട നം. 323 ശ്രീ. ഗീവർഗീസ് മാർ അത്താനിയോസ് പ (ടി.എം.എ.എം.സെന്റർ ബിഷപ്പ് ഹൗസ് വൈക്കം, വയലത്തല, 689672)-യുടെ ഉടമസ്ഥതയിലുള്ള കെട്ട വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ടി കെട്ടിടം ഒഴിവാക്കിയ കെട്ടിടങ്ങളുടെ

ഉൾപ്പെടുത്തി ബിഷപ് ഹൗസ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കി എൻക്വയറിക്ക് (നം.12/23-08-2025) മറുപടിയായി ഗ്രാമപഞ്ചായത്തിലെ 4/323 നമ്പർ കെട്ടിടം ഗീവർഗ്ഗീസ് മാർ അത്താനിയോസ് എപ്പിസ്കോപ്പ., ടി.എം.എ.എം സെന്റർ ബിഷപ്പ് ഹൗസ്, വൈക്കം ഉടമസ്ഥതയിലുള്ളതും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ താമസിപ്പിക്കുന്നതും അറിയിച്ചു. കെട്ടിടം ബിഷപ്പ് താമസാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടമല്ലെന്നും സ്ഥലപരിശോ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജേ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാ 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, അനുശാസിക്കുന്നുണ്ട്.

പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക തൊഴിൽ നികുതി റ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു:-

(1) തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. നികുതി ഡിമാൻഡ്, ഒടുക്ക് എന്നിവ ന വിവരങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുത രജിസ്റ്ററിൽ നിന്നും എല്ലാ സ്ഥാപനവും നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര് തൊഴിൽ നികുതി രജിസ്റ്ററിൽ ഉണ്ടെങ്കിലും നികുതി അ രസീത് നമ്പറോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം (എം. എം. ബേക്കറി, കീക്കൊഴൂ സമർപ്പിച്ച് നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും അതിന്റെ പേരുവിവരങ്ങൾ പോലും രജിസ്റ്ററിൽ എഴുതി സാഹചര്യമുണ്ട്.

**<u>മരാമത്ത് കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല</u>**

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ആരാഞ്ഞ് നൽകി എൻക്വയറിക്ക് (നം. 09/22.08.2025) മറുപടി ലഭ്യമാക്കി.

| ക്രമ നം. | കരാറുകാരൻ | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|
| 1 | പ്രസാദ് സി. എസ്. | തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയി ഫോൺ മുഖേന അറിയിപ്പ് നൽകിയിട്ടും തൊഴിൽ നികു ഒടുക്കു വരുത്തിയിട്ടില്ല. |
| 2 | രാഹുൽ രാജ് ബി. | |
| 3 | വിജീഷ് ആർ. നായർ | |
| 4 | ഹരിലാൽ എസ്. | |
| 5 | സുരേഷ് കുമാർ റ്റി. | |
| 6 | സന്തോഷ് കുമാർ ആർ. | |
| 7 | സതീഷ് കുമാർ വി. | |

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാ സൂക്ഷിക്കേണ്ടതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ നികുതി നിയമം വകുപ്പ് 205(ഐ)). തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കാ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സാ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്. തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവര തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം, വ്യവസായങ്ങൾക്കും ഫാ വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 2024-25 വർഷത്തെ ലൈസൻസ് പിരിവുമായി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഡേ പൂർണ്ണമല്ല.

(2) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അ ഉണ്ടെങ്കിലും ഇവയ്ക്ക് ലൈസൻസ് നൽകിയതിന്റെ വിവരം രജിസ്റ്ററിൽ ഇല്ല. ഇത് സംബന്ധിച്ച് നൽകി എൻക്വയറിക്ക് (നം. 07/22.08.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | ഉടമസ്ഥൻ/ സ്ഥാപനം | വാർഡ് / കെട്ടിട നം. | എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| 1 | സിൽവി എബ്രഹാം, കുരുടമണ്ണിൽ, ചെറുകോൽ (സിമെന്റ് ബ്രിക്സ് നിർമ്മാണവും വിൽപനയും) | വാർഡ്: 2 | അപേക്ഷയിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 2 | ഗീത. എസ്, കാഞ്ഞിരവിളയിൽ, പഴകുളം (പലചരക്ക്) | വാർഡ്: 10 | ടി സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അവകാശികൾ, ടി സ്ഥാപനം പ്രവർത്തിക്കാൻ അനുമതി നൽകില്ലെന്ന് കാണിച്ച് പഞ്ചായത്തിന് കത്ത് നൽകി. |
| 3 | മിനു എബ്രഹാം സാമുവൽ, കല്ലോടികുഴിയിൽ, കീക്കൊഴൂർ (ആഹാര സാധനങ്ങൾ വിൽപന) | 6/389 | ടി കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാ വശ്യത്തിനുള്ളവ അല്ലാത്തതിനാൽ, ലൈസൻസ് പുതുക്കി നൽകിയില്ല. |
| 4 | കെ. എം. ഭുവനചന്ദ്രൻ നായർ, കുരാമത്തുമലയിൽ, ചെറുകോൽ (തടി ഫർണിച്ചർ നിർമ്മാണവും | 1/267 | ലൈസൻസ് എടുക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിൽപനയും) | | |
| 5 | ജീതി ചെറിയാൻ, നെല്ലിമൂട്ടിൽ ജിജോ ഭവൻ, കീക്കൊഴൂർ, റേഷൻ ഷോപ്പ് ARD No. 24 | 6/352 | അപേക്ഷകനെ നേരിട്ട് അറിയിച്ചിട്ടും ലൈസൻസ എടുത്തിട്ടില്ല. |
| 6 | ലോമിയ. എം. എസ്, വൈഗ മെഡിക്കൽ ലബോറട്ടറി | 2/159 E | അപേക്ഷകൻ മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചില്ല. |

(3) ഹരിതകർമ്മസേനയുടെ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിൽ ലഭ്യമായ ഡാറ്റ പ്രകാരം, പ പരിധിയിൽ 171 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, 2024-25 സാമ്പത്തിക വർഷ പേരാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷം, പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടില്ല. എല്ലാ സ്ഥാപനങ്ങളേയും ലൈ പരിധിയിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(4) സഞ്ചയ സോഫ്റ്റ് വെയറിൽ, റവ. ഫാ. കെ. എ. ചെറിയാൻ, കുമ്പംകുഴിയിൽ, ചെറുകോൽ എന്ന ഉടമസ്ഥതയിൽ 2/167 കെട്ടിടത്തിൽ ഒരു സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ, ഈ ലൈസൻസ് എടുത്തതിന്റെ വിവരം രജിസ്റ്ററിൽ ഇല്ല. ലൈസൻസ് ഈടാക്കുന്നതിനുള്ള സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/ 22.08.202 ലഭ്യമാക്കിയില്ല.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവ സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവ വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുക്കാത്തതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതാ

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പ പറയുന്ന ടവർ ഉടമ വസ്തു നികുതി ഒടുക്കിയിട്ടില്ലെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവർ | കുടിശ്ശിക കാലയളവ് | അടവാക്കാനുള്ള തു |
|---|---|---|---|---|
| 1. | 8/178/A | ചെന്നൈ നെറ്റ്‌വർക്ക് ഇൻഫ്രാ.ലിമിറ്റഡ് | 2023-24 ആദ്യ പാദം മുതൽ | 1559 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21-08-2025) മറുപടിയായി മൊബൈൽ വസ്തു നികുതി റവന്യൂ റിക്കവറി/പ്രോസിക്യൂഷൻ നടപടികളിലൂടെ ഈടാക്കാൻ ആരംഭിച്ചിട്ടുണ്ടെന്ന മറു തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 എം.സി.എഫി-ലേക്ക് ബെയ് ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 125/25 എം.സി.എഫി-ലേക്ക് ബെയ്ലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | 650000 |
| ചെലവ് | 636544 |
| ഫണ്ടിനം | Cfc-150000<br>Central Share- 486544 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതിയുടെ ഭാഗമായി മെഷീൻ വാങ്ങുന്നതിന് 636544 രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട നാളിതുവരെ മെഷീൻ ലഭ്യമാക്കിയിട്ടില്ല. മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസ ഒരുക്കാതെ മെഷീൻ വാങ്ങുന്നതിന് തുക ചെലവഴിച്ചത് യുക്തിസഹമല്ല. ഇത് പദ്ധതി ആസൂത്ര പാളിച്ചയാണ്. പദ്ധതിയുടെ തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23.08.25) ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ത്രീഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിന് 2025- പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാ ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം ആവിഷ്കരിച്ച് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്ക പ്രവൃത്തികളുടെ നിർവഹണത്തിന് കേരള ഇലക്ട്രിസിറ്റി ബോർഡിൽ മുൻകൂർ തുക ഡിപ്പോസിറ്റ് വിശദവിവരംചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | തുക | ബിൽനമ്പർ |
|---|---|---|---|
| 159/24, ഈറപ്ലാക്കൽ വായനശാലപ്പടി റോഡ് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | വികസനഫണ്ട് | 32805 | 2405055201451090950<br>26.12.24 |
| 160/25, നെഹ്റുസ്മാരകറോഡ് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | വികസനഫണ്ട് | 13933 | 2405055201450109065<br>26.12.24 |
| 158/25, വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | വികസനഫണ്ട് | 75844 | 2405055201451090951<br>26.12.24 |
| **ആകെ** | | **122582** | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/25 തീ വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിയിൽ 23513 രൂപയുടെ പ്ര പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പൂർത്തിയാക്ക വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. 10.03.23-ലെ സ.ഉ(കൈ) 45/2023 ധ പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 കുഴൽക്കിണർ നിർമ്മാണം - പദ്ധതി പൂർണ്ണമായി നടപ്പായില്ല

അംഗൻവാടികൾ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ ജലദൗർലഭ്യം പരിഹരി
ഗ്രാമപഞ്ചായത്ത്സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം കുഴൽക്കിണർ നിർമ്മാണ
എന്ന പദ്ധതി ആവിഷ്കരിച്ച് 211000 രൂപ ഭൂജലവകുപ്പിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ

| ക്രമനമ്പർ | സ്ഥാപനം | എസ്റ്റിമേറ്റ് തു |
|---|---|---|
| 1 | പാലച്ചുവട്(അംഗൻവാടി നമ്പർ 13) | 4700 |
| 2 | ചക്കപ്പാലം ഗവ: ആയുർവേദ ഡിസ്പെൻസറി | 5400 |
| 3 | ചക്കപ്പാലം MCF | 5300 |
| 4 | കാട്ടൂർപ്പേട്ട (അംഗൻവാടി നമ്പർ 1) | 5700 |
| | **ആകെ** | **21100** |

ഇവയിൽ 2 അംഗൻവാടികളിലും പ്രവൃത്തി പൂർത്തീകരിച്ചതായും നാളിതുവരെ 77665 രൂപ ചെല
ഭൂജലവകുപ്പ് അറിയിച്ചിട്ടുണ്ട്. മറ്റിടങ്ങളിൽ സർവേ പ്രകാരം കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ കു
നിർമ്മാണം സാദ്ധ്യമല്ലാത്തതിനാൽ പുതിയ സൈറ്റ് ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി പൂർത്തീകരിക്കുന്ന
ഭൂജലവകുപ്പ് അറിയിച്ചിട്ടുണ്ട്. ജലദൗർലഭ്യം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടുകൾ ഉദ്ദേ
കൈവരിച്ചില്ല. ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ നിർമ്മിക്കേണ്ട കിണറുകൾ, ജലം ലഭ്യമാകുന്ന
നിർമ്മിക്കുമെന്ന പറയുന്നത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ഈ കാര്യത്തിൽ
തീരുമാനം ഭരണസമിതി കൈക്കൊള്ളേണ്ടതാണ് . പദ്ധതിയുടെ തുടർനടപടികൾ
അറിയിക്കേണ്ടതാണ്.

## 1-18 ആംബുലൻസ് ഡ്രൈവർക്ക് പാലിയേറ്റീവ് ഫണ്ടിൽ നിന്നും അധിക വേതനം ന

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റിവ് ഹോം കെയർ |
| അടങ്കൽ | 854640 |
| ചെലവ് | 796798 |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പാലിയേറ്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും കുടുംബാരോഗ്യ കേ
ആംബുലൻസ് ഡ്രൈവറിന് പാലിയേറ്റീവ് ഫണ്ടിൽ നിന്നും അധിക വേതനം നൽകിയിട്ടുള്ളതാ
പാലിയേറ്റീവ് പദ്ധതിക്കായി ബഹു: ആന്റോ ആന്റെണി എം.പി-യുടെ ഫണ്ടിൽ നിന്നും വാങ
വാഹനമാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ നിന്നും നേരിട്ടാണ് ദിവസ വേതന അടിസ
ഡ്രൈവറിനെ നിയമിച്ചിരിക്കുന്നത്. 2024 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ 16 പാലിയേറ്റിവ് ഹോം കെ
25-ലെ മാസങ്ങളിൽ 20 ഹോം കെയറും ആണ് നടത്തിയിട്ടുള്ളത്. ദിവസ വേതന/കരാർ ജീവനക്കാരു
നിർണ്ണയിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രതിദിനം 730 രൂപ വെച്ച് ഒരു മാസം പരമാവധി

വേതനം 19710 രൂപയാണ്. എന്നാൽ ആംബുലൻസ് ഡ്രൈവർന് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായ ഓടിയ ദിവസങ്ങളുടെ അടിസ്ഥാനത്തിലല്ല പാലിയേറ്റീവ് ഫണ്ടിൽ നിന്നും വേതനം നൽകിയ അധികമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വാഹനം ഓടിയ ദിവസങ്ങളുടെ എണ്ണം | അർഹമായ വേതനം(ദിവസങ്ങളുടെ എണ്ണം*730) | നൽകിയ വേതനം | അധിക തുക |
|---|---|---|---|---|
| 2024 ഫെബ്രുവരി | 16 | 11680 | 19710 | 8030 |
| 2024 മാർച്ച് | 16 | 11680 | 19710 | 8030 |
| 2024 ഏപ്രിൽ | 20 | 14600 | 19710 | 5110 |
| 2024 മെയ് | 20 | 14600 | 19710 | 5110 |
| 2024 ജൂൺ | 20 | 14600 | 19710 | 5110 |
| 2024 ജൂലൈ | 20 | 14600 | 19710 | 5110 |
| 2024 ഓഗസ്റ്റ് | 20 | 14600 | 19710 | 5110 |
| 2024 സെപ്തംബർ | 20 | 14600 | 19710 | 5110 |
| 2024 ഒക്ടോബർ | 20 | 14600 | 19710 | 5110 |
| 2024 നവംബർ | 20 | 14600 | 19710 | 5110 |
| 2024 ഡിസംബർ | 20 | 14600 | 19710 | 5110 |
| 2025 ജനവരി | 20 | 14600 | 19710 | 5110 |
| 2025 ഫെബ്രുവരി | 20 | 14600 | 19710 | 5110 |
| | | | | 72270 |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 15/25-08-2025) നൽകിയിരുന്നു. മറുപടിയായ എഫ്.എച്ച്.സി-ക്ക് സ്വന്തമായി നൽകിയതിനാൽ കുടുംബാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട പ്രവർത്ത (കുത്തിവെപ്പ്, മെഡിക്കൽ ക്യാമ്പുകൾ, ഫോഗിംഗ്, മരുന്നുകൾ കൊണ്ടുപോകുന്നതിനും കൊണ്ടുവ എന്തെങ്കിലും അടിയന്തരഘട്ട ത്തിൽ രോഗികളെ തൊട്ടടുത്ത ആശുപത്രിയിലേക്ക് മാറ്റുന്നതിന്) ഇ ഉപയോഗിക്കാറുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. ഹോം കെയർ കൂടാതെ മറ്റ് ആവശ്യങ്ങൾക്ക ഓടിക്കുന്നതിനാലാണ് ഡ്രൈവർക്ക് എൻക്വയറിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ശമ്പളം നൽകിയിരി മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു.

ഹോസ്പിറ്റലിലെ മറ്റ് ആവശ്യങ്ങൾക്കായി ആംബുലൻസ് ഉപയോഗിക്കുമ്പോൾ എച്ച്.എം.സി ഫണ്ട് ഇന്ധനം ഉൾപ്പെടെയുള്ള ചെലവ് എടുക്കാതെ പാലിയേറ്റീവ് പ്രോജക്ടിൽ നിന്നും തുക ചെല അഭിലഷണീയമല്ല. ഭാവിയിൽ ഈ അപാകത ഉണ്ടാകാതെ ഇരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 നിശ്ചിതസമയത്ത് പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയി

കരാർ കാലയളവിനുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും നിയമാനുസ ഈടാക്കിയിട്ടില്ല. കരാറുകാരുമായുള്ള എഗ്രിമെന്റ് പ്രകാരം **'മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലായെങ്കിൽ നിശ്ചിത കാലാവധിയുടെ 20 സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും, അതിൽ കൂടുതൽ വേണ്ടിവരുന്ന മൂന്ന് മാസം വ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും, പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്ത്**

**തുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടു മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ '** എന്ന ചെയ്തിരിക്കുന്നു.

പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയ മരാമത്ത് പണികളിൽ സമയം ദീർഘിപ്പിച്ചു ലഭിക്കുന്നതിന് ക അപേക്ഷ നൽകുകയും സപ്ലിമെന്റൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥയ്ക്ക് അനുസൃ ശതമാനം സമയം കൂടി അധികമായി പിഴ കൂടാതെ അനുവദിച്ചാൽ മതിയാകും. എന്നാൽ എ വ്യവസ്ഥകൾ ലംഘിച്ച് സമയം ദീർഘിപ്പിക്കുകയും വിവിധ വർക്കുകളിൽ പിഴ ഈടാക്കാതിരിക്ക ഈടാക്കിയ വർക്കുകളിൽ കുറവായി ഈടാക്കിയതായും പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദാം ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിശദാംശം | | ഈടാക്കേണ്ട ഫൈൻ (20% സമയം കൂടി പിഴ കൂടാതെ അനുവദിച്ചതിന ശേഷമുള്ളത്) |
|---|---|---|---|
| 1. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 177/24(179/25), കുടുംബാരോഗ്യ കേന്ദ്രത്തിൽ ആംബുലൻസ് പാർക്കിംഗ് അടിസ്ഥാന സൗകര്യം ഒരുക്കൽ | ഈടാക്കേണ്ടത് :<br>28.04.2024-27.07.2024 @ 1% Of PAC = 1548<br>28.07.2024 – 27.01.2025 @4% (2+2) Of PAC = 6192<br>28.01.2025 – 20.03.2025 @2% Of PAC = 52/90(3096)=1789<br>ആകെ=9529<br>ഈടാക്കിയത് : 0<br>ഈടാക്കാൻ അവശേഷിക്കുന്നത്= 9529 |
| | കരാറുകാരൻ | സതീഷ് കുമാർ, ഞുണ്ണന്തറ, ഇടപ്പാവൂർ | |
| | അടങ്കൽ | 200000 | |
| | ഫണ്ട് | മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | |
| | ചെലവ് | 162059 | |
| | കരാർ നമ്പർ/ തീയതി | 49/P177/AE/LID&EW/CLK തീ. 04.12.2023<br>49(A)/P177/AE/LID&EW/CLK തീ. 14.04.2024 | |
| | സൈറ്റ് കൈമാറിയ തീയ്യതി | 04.12.2023 | |
| | പൂർത്തീകരണ കാലാവധി | 4 മാസം | |
| | PAC | 154796 | |
| | പൂർത്തീകരിക്കേണ്ട തീയതി | 03.04.2024 | |
| | പൂർത്തീകരിച്ച തീയതി | 20.03.2025 | |
| 2. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 172/24(185/25), ഗവ. ആയുർവേദാശുപത്രിക്ക് യോഗാസെന്റർ നിർമ്മാണം | 17.09.2024-16.12.2024 @ 1% Of PAC = 4057<br>17.12.2024-04.03.2025@ 2% Of PAC=78/90(8114)= 7032 |
| | കരാറുകാരൻ | എബ്രഹാം തോമസ്, തെക്കേതടത്തിൽ, അന്ത്യാളൻകാവ് | |
| | അടങ്കൽ | 500000 | |
| | ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | |

| | | | |
|---|---|---|---|
| | ചെലവ് | 458763 | ആകെ = 11089<br>ഈടാക്കിയത് : 0<br>ഈടാക്കാൻ അവശേഷിക്കുന്നത്= 11089 |
| | കരാർ നമ്പർ, തീയതി | 65/P172/AE/LID&EW/CLK തീ. 13.02.2024<br>65(A)/P177/AE/LID&EW/CLK തീ. 25.08.2024<br>65(B)/P177/AE/LID&EW/CLK തീ. 22.11.2024 | |
| | സൈറ്റ് കൈമാറിയ തീയതി | 13.02.2024 | |
| | പൂർത്തീകരണ കാലാവധി | 6 മാസം | |
| | PAC | 405676 | |
| | പൂർത്തീകരിക്കേണ്ട തീയതി | 12.08.2024 | |
| | പൂർത്തീകരിച്ച തീയതി | 04.03.2025 | |
| 3 | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 191/24(190/25), ടേക്ക് എബ്രേക്ക് പൂർത്തീകരണം | 04.06.2024-03.09.2024 @ 1% Of PAC = 1449<br>04.09.2024-03.03.2025@ 4%(2+ Of PAC= 5796<br>04.03.2025-22.03.2025 @ 2% Of PAC =19/92(2898)= 599<br>ആകെ = 7844<br>ഈടാക്കിയത് : 1145<br>ഈടാക്കാൻ അവശേഷിക്കുന്നത്= 6699 |
| | കരാറുകാരൻ | എബ്രഹാം തോമസ്, തെക്കേതടത്തിൽ, അന്ത്യാളൻകാവ് | |
| | അടങ്കൽ, ഫണ്ട് | 52500(മെയ്ന്റനൻസ് ഫണ്ട് (റോഡിതരം)<br>122500(കേന്ദ്രാവിഷ്കൃത ഫണ്ട്) | |
| | ചെലവ് | 52500 | |
| | കരാർ നമ്പർ, തീയതി | 55/P191/AE/LID&EW/CLK തീ. 04.12.2023<br>55A(1)/P191/AE/LID&EW/CLK തീ. 15.03.2025 | |
| | സൈറ്റ് കൈമാറിയ തീയതി | 04.12.2023 | |
| | പൂർത്തീകരണ കാലാവധി | 5 മാസം | |
| | PAC | 144933 | |
| | പൂർത്തീകരിക്കേണ്ട തീയതി | 03.05.2024 | |
